## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3393** **21-12-2012 - ലെ മറുപടിയ്ക്ക്**

# കുട്ടനാട് പാക്കേജ് പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി താറാവ് വളർത്തൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | കുട്ടനാട് പാക്കേജിൻ കീഴിൽ നിരണത്തുള്ള താറാവ് വളർത്തൽ കേന്ദ്രത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്ന 18 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയും RKVY പ്രകാരവും നടപ്പാക്കിക്കഴിഞ്ഞു.<br>കുട്ടനാട് പാക്കേജിൻ കീഴിൽ 5 ലക്ഷം രൂപയുടെ താറാവ് ഇൻഷ്വറൻസ് പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.<br>13-ാം ധനകാര്യ കമ്മിഷൻ ഫണ്ടിൻ കീഴിൽ നിരണത്തുള്ള താറാവു വളർത്തൽ കേന്ദ്രം ശക്തീകരിക്കുന്നതിനുള്ള 12.85 കോടി രൂപയുടെ പദ്ധതിയ്ക്ക് നിർവ്വഹണ അനുമതി നൽകി. ടി പദ്ധതിയ്ക്ക് 2011-12 കാലയളവിൽ 5.85 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. 2012-13 ൽ ടി പദ്ധതിയ്ക്കായി 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ടി പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു.<br>കുട്ടനാട് പാക്കേജിൻ കീഴിൽ മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ആടു വിതരണ പദ്ധതി മാറ്റി പകരം മറ്റൊരു ഘടകമായി താറാവു വളർത്തൽ പദ്ധതി കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ അംഗീകാരം നൽകി. പദ്ധതിയുടെ അടങ്കൽ തുക 2.8 കോടി രൂപയാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ; | (ബി) | മേൽപ്പറഞ്ഞ പദ്ധതികളിൻ കീഴിൽ ഉപഭോക്താക്കളെ കണ്ടെത്തിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. |

(സി) 2012-2013 സാമ്പത്തികവർഷം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന് എന്തു തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എന്തു തുക ഇതു വരെ അനുവദിച്ചുകിട്ടിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

(സി) കൃഷി വകുപ്പിലൂടെ 2012-13 ൽ നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികൾക്കായി 17.253 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| | പദ്ധതി | അനുവദിച്ച തുക (ലക്ഷം) | ലഭിച്ച തുക (ലക്ഷം) | ചിലവഴിച്ച തുക (ലക്ഷം) |
|---|---|---|---|---|
| 1 | നാളികേര വികസന പദ്ധതി | 400 | 400 | 55.71 |
| 2 | അഗ്രോ ക്ലിനിക് പദ്ധതി | 25.3 | 25.3 | 8.1536 |
| 3 | കാർഷിക യന്ത്രവൽക്കരണം | 1300.00 | 378.00 | 19.39 |
| | ആകെ | 1725.3 | 803.3 | 83.2536 |

സെക്ഷൻ ഓഫീസർ